**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1690 04/12/2015-ൽ മറുപടിയ്ക്ക്

**പച്ചക്കറിയുടെ വില വർദ്ധന തടയുന്നതിനുള്ള നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) തമിഴ് നാട്ടിലെ ചില ജില്ലകളിൽ ശക്തമായ മഴ ഉണ്ടായതിനെത്തുടർന്ന് ഇടനിലക്കാർ പച്ചക്കറി വില കുത്തനെ ഉയർത്തിയതിനെ നേരിടാനായി ഹോർട്ടികോർപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പച്ചക്കറി വില ഉയർന്നതിനെ നേരിടാനായി ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തിയിട്ടുണ്ട്. വിലയിൽ കൂടുതൽ വർദ്ധനവ് ഉണ്ടായ പച്ചക്കറികൾക്ക് 30% സബ്സിഡിയും ബാക്കിയുള്ള പച്ചക്കറി ഇനങ്ങൾക്ക് പൊതുവിപണി വിലയെക്കാൾ 10-15% വരെ വില കുറച്ചും ഹോർട്ടികോർപ്പിന്റെ എല്ലാ ഹരിതാ സ്റ്റാളുകളിലൂടെയും സഞ്ചരിക്കുന്ന വിൽപ്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തി വരുന്നു. |
| ബി) പച്ചക്കറിയുടെ വില വർദ്ധനവിനെ ചെറുക്കാൻ വിപണിയിൽ ഇടപെടുന്നതിനായി പത്തുകോടി രൂപ ഹോർട്ടികോർപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ; | ഉണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സർക്കാർ യഥാസമയം സ്വീകരിക്കുന്നതാണ്. |
| സി) സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കൂടുതൽ വാങ്ങി ശേഖരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇത് എന്ന് മുതൽ പ്രാവർത്തികമാക്കുമെന്നും വെളിപ്പെടുത്താമോ? | ഇക്കാര്യത്തിൽ ഉചിതമായ നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി കാർഷിക മൊത്തവ്യാപാര വിപണികൾ തുടങ്ങിയവയിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് പച്ചക്കറി സംഭരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

,/8